# അച്ചടി വകുപ്പ് ഡയറക്ടറുടെ നടപടികൾ

(ഹാജർ: ഷിബു.എ.റ്റി)

നമ്പർ : 16092 /2021/എസ് &വി തീയതി : 30/12/2021

വിഷയം :- അച്ചടി വകുപ്പ് -പുതുതായി സ്ഥാപിച്ച അച്ചടി യന്ത്രങ്ങളുടെ ഔട്ടേൺ നിശ്ചയിക്കുന്നത് - കമ്മിറ്റിയെ പുതുക്കി നിശ്ചയിച്ച് ഉത്തരവാകുന്നത് - സംബന്ധിച്ച്.

പരാമർശം:- ഈ കാര്യാലയത്തിലെ 20.09.2021 ലെ ഇതേ നമ്പർ ഉത്തരവ്.

## ഉത്തരവ്

അച്ചടി വകുപ്പിലെ വിവിധ പ്രസ്സുകളിൽ പുതുതായി സ്ഥാപിച്ചിട്ടുള്ള അച്ചടി യന്ത്രങ്ങളുടെയും അനുബന്ധ യന്ത്രങ്ങളുടെയും ഔട്ടേൺ നിശ്ചയിക്കുന്നതിന് സൂചന പ്രകാരം നിയമിതരായ ഒരു സമിതി നിലവിലുണ്ട്. പ്രസ്തുത സമിതിയിലെ അംഗമായ ശ്രീ. പ്രദീപ്.വി.എം, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ സ്ഥലം മാറിപോയിട്ടുള്ളതിനാൽ പകരമായി ചുമതലയേറ്റ ശ്രീ. നിബു ആൻഡ്രൂസിനെ ഉൾപ്പെടുത്തി സമതി താഴെ പറയും പ്രകാരം പുന: സംഘടിപ്പിച്ച് ഉത്തരവാകുന്നു.

1. ശ്രീ. സലിം.എ - ഗവ. പ്രസ്സുകളുടെ സൂപ്രണ്ട് - ചെയർമാൻ
2. ശ്രീ. ത്യാഗി.കെ.ജി - ഡെപ്യൂട്ടി സൂപ്രണ്ട് (ജനറൽ), ഗവ. സെൻട്രൽ പ്രസ്സ് - മെമ്പർ
3. ശ്രീ. സുനിൽ കുമാർ.വി.കെ - അസിസ്റ്റന്റ് സൂപ്രണ്ട് (ഓഫ് സെറ്റ്), ഗവ. പ്രസ്സ്, മണ്ണന്തല -മെമ്പർ
4. ശ്രീ. നിബു ആൻഡ്രൂസ് -അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ, ഗവ. സെൻട്രൽ പ്രസ്സ് - മെമ്പർ
5. ശ്രീ. വേണുഗോപാൽ.ജി.എസ് - ഹെഡ് കംപ്യൂട്ടർ (എസ് & വി), ഗവ. സെൻട്രൽ പ്രസ്സ് - മെമ്പർ
6. ശ്രീ. സജിൻ.കെ.എസ്- ഒന്നാം ഗ്രേഡ് കംപ്യൂട്ടർ, ഗവ. സെൻട്രൽ പ്രസ്സ് (കമ്മറ്റിയുടെ ദൈനംദിന കാര്യങ്ങളുടെ ഫയൽ നടപടികൾ നടത്തുന്നതിലേക്ക്)

**ടേംസ് ഓഫ് റഫറൻസ്**

1. അച്ചടി വകുപ്പിലെ ഔട്ടേൺ നിശ്ചയിച്ചിട്ടില്ലാത്ത മുഴുവൻ അച്ചടി യന്ത്രങ്ങളുടേയും, അനുബന്ധ യന്ത്രങ്ങളുടേയും ഔട്ടേൺ നിശ്ചയിക്കുന്നതിന് ആവശ്യമായ ശുപാർശ നൽകുക.
2. ഔട്ടേൺ നിശ്ചയിച്ചിട്ടുള്ള ഏതെങ്കിലും മെഷീന്റെ ഔട്ടേൺ പുതുക്കി നിശ്ചയിക്കണമെന്ന ആവശ്യം വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുമ്പോൾ ആയത് പരിശോധിച്ച് ഔട്ടേൺ പുതുക്കുന്നതിന് ശുപർശ ചെയ്യുക.
3. പുതുതായി സ്ഥാപിക്കുന്ന മെഷീനുകളിൽ ഔട്ടേൺ നിശ്ചയിക്കേണ്ടവയുടെ ഔട്ടേൺ വാറന്റി കാലയളവിൽ നിശ്ചയിക്കുക.

കമ്മിറ്റി അംഗങ്ങൾ ആവശ്യ സമയങ്ങളിൽ മുൻകൂർ അനുവാദത്തോടെ ശാഖാപ്രസ്സുകൾ സന്ദർശിച്ച് വിവരങ്ങൾ ശേഖരിക്കേണ്ടതാണ്. ആയതിലേക്ക് അംഗങ്ങൾക്ക് ചട്ട പ്രകാരമുള്ള യാത്രബത്തയ്ക്കും ദിനബത്തയ്ക്കും അർഹത ഉണ്ടായിരിക്കുന്നതുമാണ്.

ഒരു പ്രസ്സിലെ ഏതെങ്കിലും ഒരു മെഷീന്റെ ഔട്ടേൺ നിശ്ചയിക്കുകയോ പുതുക്കി നിശ്ചയിക്കുകയോ ചെയ്യുന്നതിനായി പ്രസ്തുത കമ്മിറ്റി പ്രസ്സ് സന്ദർശിക്കുന്ന അവസരത്തിൽ പ്രസ്സിലെ മേലധികാരി ഔട്ടേൺ നിർണ്ണയ കമ്മിറ്റിയെ സഹായിക്കുന്നതിലേക്ക് രണ്ട് ജീവനക്കാരെ ടി മെഷീന്റെ ഔട്ടേൺ നിശ്ചയിക്കുന്നതിലേക്ക് മാത്രമായി രേഖാമൂലം നിയോഗിക്കേണ്ടതാണ്.

ഒപ്പ്/-
അച്ചടി വകുപ്പ് ഡയറക്ടർ

പകർപ്പ്:- ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്

അച്ചടി വകുപ്പ് ഡയറക്ടറുടെ സി.എ/ഗവ. പ്രസ്സുകളുടെ സൂപ്രണ്ടിന്റെ സി.എ/
കരുതൽ ഫയൽ /IT Cell for website publishing

ഉത്തരവിൻ പ്രകാരം

ഡെപ്യൂട്ടി സൂപ്രണ്ട് (ജനറൽ)

എസ്.വി. 1.1